"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ആരോഗ്യ വകുപ്പ് - ജീവനക്കാര്യം - സൂപ്പർസ്പെഷ്യാലിറ്റി കേഡർ - ഡോ.അരുൺ.എസ്.ആർ. ചീഫ് കൺസൽട്ടന്റ് (കാർഡിയോളജി) - സ്ഥലംമാറ്റ നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.2954/2024/H&FWD തീയതി,തിരുവനന്തപുരം, 06-12-2024

---

പരാമർശം:-

1. സ.ഉ. (കൈ) നം.470/2013/ആകുവ തീയതി 05.12.2013.
2. ഡോ.അരുൺ.എസ്.ആർ., ചീഫ് കൺസൽട്ടന്റ് സമർപ്പിച്ച 26.10.2024 തീയതിയായ അപേക്ഷ.
3. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 14.11.2024-ലെ ഇ.ബി1-19417/2024/ആ.വ.ഡ നമ്പർ കത്ത്.

**ഉത്തരവ്**

ആരോഗ്യ വകുപ്പിലെ കാർഡിയോളജി വിഭാഗം സീനിയർ കൺസൽട്ടന്റ് ആയിരുന്ന ഡോ അരുൺ എസ് ആർ-ന് കാർഡിയോളജി വിഭാഗം ചീഫ് കൺസൽട്ടന്റ് തസ്തികയിൽ സ്ഥാനക്കയറ്റം നൽകി പാലക്കാട് ജില്ലാ ആശുപത്രിയിൽ നിയമിച്ചിരുന്നു. എന്നാൽ പരാമർശം (1) പ്രകാരം ചീഫ് കൺസൽട്ടന്റ് തസ്തിക ഫ്ലോട്ടിംഗ് പോസ്റ്റ് ആക്കിയിട്ടുള്ളതിനാൽ തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ നിയമനം നൽകണമെന്ന് അഭ്യർത്ഥിച്ച് ഡോ അരുൺ എസ് ആർ പരാമർശം (2) പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

2.സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ഡോ അരുൺ എസ് ആർ കാർഡിയോളജി എന്ന സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗം ചീഫ് കൺസൽട്ടന്റ് ആയതിനാലും പരാമർശം (1) പ്രകാരം എല്ലാ സ്പെഷ്യാലിറ്റികളിലെയും ചീഫ് കൺസൽട്ടന്റ് തസ്തിക അതത് സ്പെഷ്യാലിറ്റികളിൽ ജില്ലാ/ജനറൽ ആശുപത്രികളിൽ പരസ്പരം മാറ്റാവുന്നതാക്കിയിട്ടുള്ളതിനാലും (floating) പാലക്കാട് ജില്ലാ ആശുപത്രിയിലെ കാർഡിയോളജി വിഭാഗം ചീഫ് കൺസൽട്ടന്റ് ഡോ.അരുൺ.എസ്.ആർ.-നെ പരാമർശം (2) അപേക്ഷ പരിഗണിച്ച് തിരുവനന്തപുരം ജനറൽ ആശുപത്രിയിലേയ്ക്ക് മാറ്റി നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ചിത്ര കെ ദിവാകരൻ
ജോയിന്റ് സെക്രട്ടറി

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) തിരുവനന്തപുരം/പാലക്കാട്.
ഡോ.അരുൺ.എസ്.ആർ., ചീഫ് കൺസൾട്ടന്റ് (കാർഡിയോളജി) (ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖാന്തിരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Anupama G Nair
Date: 06-12-2024 14:07:07

സെക്ഷൻ ഓഫീസർ

<u>മേലെഴുത്തു നം. ഇ.ബി1 -19417/2024/ആ.വ.ഡ തീയതി</u> 06-12-2024

സർക്കാർ ഉത്തരവിന്റെ പകർപ്പ് അറിവിലേയ്ക്കും മേൽ നടപടികൾക്കുമായി വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നു.

Signed by
Reena K J
Date: 06-12-2024 22:21:18

ആരോഗ്യ വകുപ്പ് ഡയറക്ടർ